399/est/19

"ഭരണഭാഷ – മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം - 33

Phone: 0471 – 2324951
0471 – 2325071
Tele Fax: 0471 – 2324951
Email: celsgd@gmail.com
Website: www. celsgd.kerala.gov.in

നം.ഇ22/11143/2018/സിഇ/തസ്വഭവ   തീയതി: 11.02.2019

# നോട്ടീസ്

വിഷയം:- തസ്വഭവ - ജീവനക്കാര്യം - മൂന്നാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ പേര് ഉൾപ്പെടുത്തുന്നത് - അപാകതകൾ പരിഹരിക്കുന്നത് - സംബന്ധിച്ച്

സൂചന:-
1) ഈ കാര്യാലയത്തിലെ ഉത്തരവ് നം. ഇ11/4100/സിഇ/തസ്വഭവ, തീയതി. 17.03.2011
2) 01.09.2018 - ൽ ശ്രീമതി. ശുഭ എസ് സമർപ്പിച്ച അപേക്ഷ
3) 25.10.2018 - ൽ ശ്രീ. രോഷ് കുമാർ ടി സമർപ്പിച്ച അപേക്ഷ
4) 22.10.2018 - ൽ ശ്രീമതി. ലാലിമോൾ കെ.ബി സമർപ്പിച്ച അപേക്ഷ
5) 15.12.2018 - ൽ ശ്രീ. മാത്യു ടി.എം. സമർപ്പിച്ച അപേക്ഷ

സൂചന (1) പ്രകാരമുള്ള മൂന്നാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ 512 (ബി) ആയി സൂചന (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള ശ്രീമതി. ശുഭ. എസ് ഉൾപ്പെട്ടിട്ടുള്ളതാണ്. എന്നാൽ ടിയാളുടെ ജനനത്തീയതി 10.04.1974 എന്നതിന് പകരം 04.10.1974 എന്ന് തെറ്റായാണ് ടി സീനിയോരിറ്റി ലിസ്റ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് 10.04.1974 എന്ന് ക്രമപ്പെടുത്തുന്നു.

സൂചന (3) പ്രകാരം മൂന്നാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ അപേക്ഷ സമർപ്പിച്ചിട്ടുള്ള ശ്രീ. രോഷ് കുമാർ ടി ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്ക് ഗ്രാമപഞ്ചായത്തിൽ ഈ വകുപ്പിൽ സേവനമനുഷ്ഠിച്ച് വരുന്നു. ടിയാനെ സൂചന (1) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ റാങ്ക് നം. 426 ശ്രീമതി. കൊച്ചുറാണി എന്നവർക്കും റാങ്ക് നം. 426 (എ) ശ്രീമതി. ജയലത ആർ എന്നവർക്കും മദ്ധ്യേ 426 - 1 ആയി സീനിയോരിറ്റി നിശ്ചയിച്ച് ക്രമപ്പെടുത്തിയിരിക്കുന്നു.

സൂചന (4) പ്രകാരം മൂന്നാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ അപേക്ഷ സമർപ്പിച്ചിട്ടുള്ള ശ്രീമതി. ലാലിമോൾ കെ.ബി എന്നവർ ആലപ്പുഴ ജില്ലയിലെ മുഹമ്മ ഗ്രാമപഞ്ചായത്തിൽ ഈ വകുപ്പിൽ സേവനമനുഷ്ഠിച്ച് വരുന്നു. ടിയാരിയെ സൂചന (1) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ റാങ്ക് നം. 504 (എ) ശ്രീ. വിജയൻ ടി.കെ എന്നവർക്കും 504 (ബി) ശ്രീ. സുരേഷ് കുമാർ എം.എസ് എന്നവർക്കും മദ്ധ്യേ 504 എ (1) ആയി സീനിയോരിറ്റി നിശ്ചയിച്ച് ക്രമപ്പെടുത്തിയിരിക്കുന്നു.

(മറുപുറം)

സൂചന (5) പ്രകാരം മൂന്നാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ അപേക്ഷ സമർപ്പിച്ചിട്ടുള്ള ശ്രീ. മാത്യു ടി.എം. എന്നവർ കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ പടിയൂർ ഗ്രാമപഞ്ചായത്തിൽ ഈ വകുപ്പിൽ സേവനമനുഷ്ഠിച്ച് വരുന്നു. ടിയാനെ സൂചന (1) പ്രകാരമുള്ള സീനിയോരിറ്റി ലിസ്റ്റിൽ റാങ്ക് നം. 506 (ബി) ശ്രീ. മാമച്ചൻ വി.പി എന്നവർക്കും റാങ്ക് നം. 506 (സി) ശ്രീ. ഷൈജു അനിരുദ്ധൻ എന്നിവർക്കും മദ്ധ്യേ റാങ്ക് നം. 506 (ബി) (1) ആയി സീനിയോരിറ്റി നിശ്ചയിച്ച് ക്രമപ്പെടുത്തിയിരിക്കുന്നു.

മേൽ പ്രസ്താവിക്കപ്പെട്ട തരത്തിലുള്ള മൂന്നാംതരം ഓവർസിയർമാരുടെ സീനിയോരിറ്റി ലിസ്റ്റിലെ മാറ്റത്തിൽ ആക്ഷേപങ്ങളോ പരാതികളോ ഉള്ളവർ ഈ നോട്ടീസ് പ്രസിദ്ധീകരണ തീയതി മുതൽ 7 ദിവസത്തിനകം ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത തീയതി കഴിഞ്ഞാൽ പരാതികൾ ലഭ്യമാകാത്ത പക്ഷം മേൽ പ്രസ്താവിക്കപ്പെട്ട മാറ്റങ്ങൾ സീനിയോരിറ്റി ലിസ്റ്റിൽ വരുത്തി ഉത്തരവാകുന്നതാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

*അംഗീകാരത്തോടെ*

*സീനിയർ സൂപ്രണ്ട്*
*(അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല)*

<u>പകർപ്പ്:</u>

1) എല്ലാ നിയന്ത്രണാധികാരികൾക്കും (താങ്കൾ താങ്കളുടെ കീഴിലുള്ള ജീവനക്കാരെ അറിയിക്കേണ്ടതാണ്)
2) ചീഫ് എഞ്ചിനീയറുടെ ഔദ്യോഗിക വെബ് സൈറ്റ് മുഖേന
3) കരുതൽ ഫയൽ

എസ്.എ്